# ക്രിസ്തുവിന്റെ പ്രകാശം ഉള്ളവരാകുക

## എഫെസ്യർ 5:14

**“ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും.”**

ആത്മീയരായി മരിച്ചവരുടെ ഇടയിൽനിന്ന് ജീവൻ പ്രാപിക്കാനുള്ള ഒരു പ്രബോധനമാണ് ഇവിടെ പൗലോസ് ശ്ലീഹാ നൽകുന്നത്. എങ്കിൽ മാത്രമേ ക്രിസ്തുവിന്റെ പ്രകാശം കടന്നു വരികയുള്ളൂ. ക്രിസ്തുവിന്റെ പ്രകാശം കടന്നു ചെന്നിട്ടുള്ള ആർക്കും ഉറങ്ങിക്കിടക്കാൻ സാധിക്കുകയില്ല, കാരണം ജീവന്റെ വെളിച്ചമായ ക്രിസ്തുവിനെ അവൻ പ്രകാശിപ്പിക്കും. **യോഹ.8:12** കർത്താവ് പറയുന്നു “ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും.”

ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവാണ് നമ്മുടെ വെളിച്ചം. കർത്താവിൽ നിന്ന് വെളിച്ചം പ്രാപിച്ചവരായ നാമോരുരുത്തർക്കും ലോകത്തിന്റെ വെളിച്ചമായി തീരാനുള്ള കടപ്പാടുണ്ട്. സകലത്തേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ് ക്രിസ്തു. അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് കൊണ്ടുവന്നതും അവൻതന്നേ.

ക്രിസ്തു നമ്മുടെമേൽ പ്രകാശിക്കണമെങ്കിൽ എന്തു ചെയ്യണം......... നാം ക്രിസ്തുവിന് അഭിമുഖമായി നിൽക്കണം. ചന്ദ്രൻ സ്വയം പ്രകാശിക്കുന്നില്ല. എന്നാൽ സൂര്യനഭിമുഖമായ ചന്ദ്രന്റെ ഭാഗം സൂര്യപ്രകാശത്തെ പ്രതിഫലിപ്പിക്കുന്നതിനാൽ ഭൂമിയിലെ അന്ധകാരം നീങ്ങുകയും, ചന്ദ്രൻ രാത്രിയിൽ വെളിച്ചം പകരുകയും ചെയ്യുന്നു. ഒരു പക്ഷെ നന്മകളൊന്നും അവകാശപ്പെടാനില്ലാത്ത ശൂന്യത നിറഞ്ഞ ഒരു ജീവിതമാകാം നമ്മുടേത്. എങ്കിലും നീതിസൂര്യനായ ക്രിസ്തുവിനഭിമുഖമായി നിന്നാൽ സ്വയം പ്രകാശിക്കാൻ കഴിവില്ലാത്ത നമ്മെ അവന്റെ പ്രകാശം പ്രശോഭിതമാക്കും. അതിന്റെ ഫലമായി നമ്മെ അസ്വസ്ഥമാക്കുന്ന ഇരുട്ടിന്റെ അനുഭവങ്ങൾ മാറിപ്പോകും. ക്രിസ്തുവില്ലാത്ത മനുഷ്യർ അന്ധകാരത്തിൽ ജീവിക്കുന്നു. തിൻമകൾ വളരുന്നത് ഇരുട്ടിലാണ്. ഉദാഹരണമായി... ഇരുട്ടും, ഈർപ്പവുമുള്ള കല്ലുകളുടെ വിടവുകളിലാണ് ക്ഷുദ്രജീവികൾ പതിയിരിക്കുന്നത്. എന്നാൽ ആ കല്ല് അനക്കുമ്പോൾ വെളിച്ചം ചെല്ലുന്നതിനനുസരിച്ച് ആ ജീവികൾ ഇരുട്ടിലേക്ക് ഓടിയൊളിക്കാൻ ശ്രമിക്കുന്നു.

നമുക്കും ക്രിസ്തുവിന്റെ പ്രകാശം ഉള്ളവരായി ജീവിക്കാം. നമ്മുടെ ഹൃദയത്തിൽ നിന്ന് ഇരുട്ടിന്റെ അനുഭവങ്ങളെ പിഴുതെറിയാനായി ക്രിസ്തുവിന്റെ വെളിച്ചത്തിനഭിമുഖമായി നിൽക്കാം. നമ്മുടെ ആന്തരികവും ബാഹ്യവുമായ എല്ലാ അഴുക്കും, കറകളും ക്രിസ്തുവിന്റെ വെളിച്ചത്താൽ തിരിച്ചറിയാനും, അവയെ നീക്കി ലോകത്തിൽ വെളിച്ചം പകരുവാനുമായിട്ട് നമുക്ക് സമർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവത്തിന്റെ ആത്മാവ് നമ്മെ അതിനായി ഒരുക്കട്ടെ.

പരാമർശം :

യോഹന്നാൻ 3:20,21

തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ പ്രവൃത്തിക്കു ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിന്നു വെളിച്ചത്തിങ്കലേക്കു വരുന്നു.

സങ്കീർത്തനങ്ങൾ 36:9

നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 003